# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5101 | 30.06.2014-ൽ മറുപടിയ്ക്ക്

## പെരുനാട് എസ്.എൻ.ഡി.പി ശാഖ ക്ഷേത്രത്തിന് സമീപമുള്ള കൊടിമരം നശിപ്പിക്കൽ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) പെരുനാട് മഠത്തുംമൂഴി 831- ാം നമ്പർ എസ്.എൻ.ഡി.പി. ശാഖയുടെ ഗുരുദേവ ക്ഷേത്രത്തിന് മുമ്പിൽ നിന്നിരുന്ന കൊടിമരം സാമൂഹ്യവിരുദ്ധർ നശിപ്പിച്ചത് സംബന്ധിച്ച് പെരുനാട് പോലീസ് കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;എതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് കേസെടുത്തത്;

(എ) ഉണ്ട്. പെരുനാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 382/2014 പ്രകാരം 15.05.2014- ാം തീയതി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രതികളെപ്പറ്റി സൂചന ലഭിച്ചിട്ടുണ്ടോ; കേസ്സിൽ എത്ര പ്രതികളാണ് ഉള്ളത്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ല. ടി കേസിന്റെ അന്വേഷണത്തിൽ പ്രതികളെ സംബന്ധിച്ച് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും സംഭവസ്ഥലം സന്ദർശിച്ചിരുന്നോ; എന്തൊക്കെ തെളിവുകളാണ് ഇവർക്ക് ലഭിച്ചത്; പ്രതികളെപ്പറ്റിയുള്ള സൂചനകൾ ഈ വിദഗ്ധർ നൽകിയിട്ടുണ്ടോ;

(സി) ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും സംഭവസ്ഥലം സന്ദർശിച്ചിരുന്നുവെങ്കിലും ഉപയോഗപ്രദമായ തെളിവുകളോ, വിരലടയാളങ്ങളോ ലഭിച്ചിട്ടില്ല.

(ഡി) സംഭവം നടന്ന് ഒരു മാസം കഴിഞ്ഞിട്ടും കേസിന്റെ ദുരൂഹത നീക്കുന്നതിനോ പ്രതികളെ കസ്റ്റഡിയിൽ എടുക്കുന്നതിനോ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനായി ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുകയാണ്.

(ഇ) പ്രസ്തുത സംഭവത്തെക്കുറിച്ചുള്ള അന്വേഷണം മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറി സത്യാവസ്ഥ വെളിച്ചത്ത് കൊണ്ടുവരാൻ തയ്യാറാകുമോ?

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

Signed

സെക്ഷൻ ഓഫീസർ